കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് - 2011-12 വർഷം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കിയതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).2259/15/തസ്വഭവ** **തിരുവനന്തപുരം, തീയതി, 24.07.2015**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 01.09.2014, 05.06.2015 തീയതികളിലെ I3449/ഡിപി4/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 10 പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകയായ 803050 രൂപ ടി പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ അല്ലാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയ പദ്ധതികളായ ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ ആണെങ്കിലും ധനനഷ്ടമോ പദ്ധതികൾ പരാജയപ്പെട്ടതോ ആഡിറ്റിൽ പരാമർശിക്കാത്ത സാഹചര്യത്തിൽ മേലിൽ ഇത്തരം ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കരുതെന്ന കർശനമായ താക്കീതോടെ സാധൂകരണം നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേലിൽ ഇത്തരം ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കരുതെന്ന കർശന താക്കീതോടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന 10 പ്രവൃത്തികൾക്കും (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു) തുകയായ 8,03,050/- രൂപ (എട്ടുലക്ഷത്തി മൂവായിരത്തി അമ്പത് മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെ.സെൽവരാജ്,
ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, തൊടുപുഴ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എ) റോഡുകളുടെയും നേരിട്ട് നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെയും വിവരം :

| ക്രമ നം. | പദ്ധതിയുടെ വിശദാംശങ്ങൾ | ബിൽ നം. | തുക ₹ |
|---|---|---|---|
| 1 | കരിങ്കുന്നം 5-ാം വാർഡിൽ പുന്നത്തുടി ഭാഗത്ത് പൈപ്പ്ലൈൻ നീട്ടൽ<br>*പ്രോജക്ട് നം. 15/12*<br>മേഖല - സേവനം | 19/11-112<br>28.03.2012 | 50879 |
| 2 | ഇടവെട്ടി-പൊക്കംപാറ ഭാഗത്ത് പൈപ്പ്ലൈൻ<br>*പ്രോജക്ട് നം. 16/11-12*<br>മേഖല - സേവനം | 56/10-11<br>31.03.2011 | 30654 |
| | | 1/11-12<br>18.11.2011 | 9559 |
| 3 | നെല്ലാപ്പാറ-തോയിപ്ര ഭാഗത്ത് പൈപ്പ്ലൈൻ<br>*പ്രോജക്ട് നം. 28/12*<br>മേഖല - സേവനം | 18/11-12<br>27.03.2012 | 74026 |
| 4 | തെരുവപ്പാറ കോളനി റോഡ് കോൺക്രീറ്റിംഗ് (പൊതുവിഭാഗം-പശ്ചാത്തല മേഖല)<br>*പ്രോജക്ട് നം. 14/12*<br>ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 29/11-12<br>31.03.2012 | 70000 |
| 5 | മ്രാല-നാടിക്കുന്നേൽ കോളനി റോഡ്<br>*പ്രോജക്ട് നം. 93/12*<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | 31/11-12<br>31.03.2012 | 230000 |
| 6 | മാറ്റാടിപ്പാറ അങ്കൻവാടി നടപ്പാത<br>*പ്രോജക്ട് നം. 101/12*<br>പൊതുവിഭാഗം-പശ്ചാത്തല മേഖല | 32/11-12<br>31.03.2012 | 85000 |
| 7 | വരകിപ്പാറ ഫുട്സ്റ്റെപ്പ്<br>*പ്രോജക്ട് നം. 58/12*<br>ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 33/11-12<br>31.03.2012 | 41281 |
| 8 | മുട്ടം-മറ്റത്തിപ്പാറ ഐ.എച്ച്.ഡി.പി. കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>*പ്രോജക്ട് നം. 61/12* | 36/11-12<br>31.03.2012 | 30000 |
| 9 | പുറപ്പുഴ കൃഷിഭവൻ നെല്ലാത്തനം റോഡ്<br>*പ്രോജക്ട് നം. 100/12*<br>പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 11/11-12<br>20.03.2012 | 90000 |
| 10 | മുഞ്ഞനാട്-റോക്കനാൽ നിരപ്പ് റോഡ് കോൺക്രീറ്റിംഗ്<br>*പ്രോജക്ട് നം. 50/12.* | 34/11-12<br>31.03.2012 | 91656 |
| | | ***ആകെ*** | ***803050*** |